**ഫാറം നമ്പർ 7**

**ചട്ടം 18(1) കാണുക**

# വിജ്ഞാപനം

കെ3-49325/17 തീയതി 2019 നവംബർ 23

കേരള സർക്കാരിന്റെ 04.12.2015-ാം തീയതിയിലെ 649/15/ആർ.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം എൽ.എ (ജനറൽ) സ്പെഷ്യൽ തഹസിൽദാരെ 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിന് വിധേയമായി ഒരു കളക്ടറുടെ ചുമതലകൾ നിർവഹിക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ളതിനാലും;

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി തിരുവനന്തപുരം എൽ.എ ഡെപ്യൂട്ടി കളക്ടറെ സർക്കാർ ഇതിനാൽ നിയമിക്കുന്നതിനാലും;

ചുവടെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിനായി, അതായത് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ന് ഇടവ വില്ലേജിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ സർക്കാരിന് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 11 -ാം വകുപ്പ് (1) -ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പ്രസ്തുത സ്ഥലത്തിൽ തൽപര കക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകളുടെ പുതുക്കലിലോ ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ചോ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ അവ രേഖാമൂലം ഒരു പത്രികയായി മേൽപ്പറഞ്ഞ വിജ്ഞാപനം പ്രസിദ്ധം ചെയ്ത തീയതി അല്ലെങ്കിൽ ആയത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ

തീയതി ഏതാണോ അവസാനം സംഭവിക്കുന്നത് അതുമുതൽ 15 ദിവസത്തിനകം സ്പെഷ്യൽ തഹസിൽദാർ എൽ.എ (ജനറൽ), സിവിൽസ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്നതോ ആക്ഷേപകന് ഭൂമിയിന്മേലുള്ള താൽപര്യം വ്യക്തമായി വിശദീകരിക്കാത്തതോ ആയ ഏതൊരു അപേക്ഷ പത്രികയും അപ്പാടെ നിരസിക്കപ്പെടാൻ സാദ്ധ്യതയുള്ളതാണ്.

സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. ആയതിന്റെ ഒരു സംക്ഷിപ്തരൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

## പട്ടിക

(എ) ഗ്രാമപ്രദേശത്തിലെ വസ്തുക്കൾ

ജില്ല : തിരുവനന്തപുരം

താലൂക്ക് : വർക്കല                    വില്ലേജ്: ഇടവ (**ബ്ലോക്ക് നം 1**)

(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| *ക്രമ നമ്പർ* | *സർവ്വേ നമ്പർ* | *വിവരണം* | *വിസ്തീർണ്ണം ഹെക്ടർ* | *പൊതു ആവശ്യത്തിന്റെ സ്വഭാവം* | *കുടുംബങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള കാരണം* | *ഉടമസ്ഥരുടെ പേര്/ തൽപ്പര കക്ഷികൾ* |
|---|---|---|---|---|---|---|
| 1 | 229/7 | പുരയിടം | 0.0040 | റെയിൽവേ മേൽപ്പാല നിർമ്മാണം | റെയിൽവേ മേൽപ്പാല നിർമ്മാണം | ഷിറാസ്, ഫിറോസ്, റസിൻ, റിയാസ് |
| 2 | 232/9 | പുരയിടം | 0.0520 | ,, | ,, | ഷാഹിത |
| 3 | 232/7 | | | | | നെസ്സീം |
| 4 | 232/8 | | | | | ഷമീമ ബീഗം |
| 5 | 232/10 | | | | | ഫസലുദ്ദീൻ , ഹനീസ |
| 6 | 233/5 | പുരയിടം | 0.1150 | ,, | ,, | ബേബി സുമിന |
| 7 | 233/7 | | | | | റഹുമ അസ്‌ലം |
| 8 | 233/9 | | | | | അഷിതാ നാസിമുദ്ദീൻ, ജലാലുദ്ദീൻ, ഷംഷാദ ബീഗം, ദിലീപ് കുമാർ |
| 9 | 233/14 | | | | | മുഹമ്മദ് അസ്‌ലം, സുൽഫത്ത് |
| 10 | 233/15 | | | | | ഹഫ്സാമ ഹാഷിം, ഹഫ്സാ ബീവി, അൻസാരി മുതൽ പേർ, താഹിറ, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കലീമുള്ള, അജി മുഹമ്മദ്, അബ്ദുൾ ഖാദർ |
| 11 | 234/2 | പുരയിടം | 0.0740 | ,, | ,, | സറീന , വഹാബുദ്ദീൻ |
| 12 | 234/3 | | | | | തങ്കമണി, രാമചന്ദ്രൻ നായർ, |
| 13 | 234/4 | | | | | രാജേന്ദ്രൻ നായർ |
| 14 | 234/6 | | | | | ശിവശങ്കര പിള്ള |
| 15 | 234/7 | | | | | ഷഫീന, അൻസാർ, ഷംസുദ്ദീൻ |
| 16 | 234/8 | | | | | അമീർ |
| 17 | 234/9 | | | | | അമീർ |
| 18 | 234/10 | | | | | സതി ഭായി |
| 19 | 240/2 | പുരയിടം | 0.1810 | ,, | ,, | വിനിഷ്യരാജൻ, മോഹൻദാസ് |
| 20 | 240/3 | | | | | വിനിഷ്യരാജൻ, ഗീത എസ്. ആർ |
| 21 | 240/4 | | | | | ജോയി, സജിത, സുഷമ കെ.എസ് |
| 22 | 240/7 | | | | | സീന, ഹാജിദ |
| 23 | 241/9 | പുരയിടം | 0.0815 | ,, | ,, | നസീമ ബീവി, സാറാ ഭായി, അജയകുമാർ |
| 24 | 254/3 | പുരയിടം | 0.0120 | ,, | ,, | സലിന, സഹിദ്, മുസ്ദദാ ബീവി, മുഹമ്മദ് സലിം, സജിത, മുഹമ്മദ് സക്കീർ |
| 25 | 254/11 | | | | | ലൈല ബീവി |
| 26 | 239/4 | പുരയിടം | 0.0230 | ,, | ,, | കനകാംഗി, പ്രശാന്തി, മനു |
| 27 | 239/5 | | | | | രശ്മി |
| 28 | 239/24 | | | | | രശ്മി, ജനാർദ്ദനൻ, പ്രഭാവതി |
| 29 | 239/20 | | | | | ഗീത |
| 30 | 239/19 | | | | | ഫസിലുദ്ദീൻ റുഹൈനി, ഫാജിത, ഫൈസൽ, ഫാസിൻ |
| 31 | 397/2 | പുരയിടം | 0.0120 | ,, | ,, | അഷറഫ് |
| 32 | 397/10 | | | | | പ്രകാശ് |
| 33 | 397/3 | | | | | കോമള |
| 34 | 397/9 | | | | | നീലകണ്ഠൻ, ഗോവിന്ദൻ, കൊച്ചപ്പി, ശാരദ, ലക്ഷ്മി, സത്യഭാമ |
| 35 | 397/8 | | | | | ഷാജഹാൻ |
| 36 | 397/4 | | | | | സന്തോഷ്, സുബാഷ് |
| 37 | 397/5 | | | | | നസീർ ഖാൻ, രജിനാ രാജ് |
| 38 | 524/1 | പുരയിടം | 0.0710 | ,, | ,, | നജിമുദ്ദീൻ |

| | | | | | | |
|---|---|---|---|---|---|---|
| 39 | 524/2 | | | | | ജൂലി, നജിമുദ്ദീൻ |
| 40 | 524/3 | | | | | അർഷാദ് |
| 41 | 524/4 | | | | | പ്രേമലത മുതൽ പേർ |
| 42 | 524/5 | | | | | ഹാരൂൺ, ബീന |
| 43 | 524/16 | | | | | മുഹമ്മദ് കുഞ്ഞ് |
| 44 | 524/6 | | | | | സലിന |
| 45 | 524/7 | | | | | നിസാമുദ്ദീൻ |
| 46 | 524/13 | | | | | അബ്ദുൾ ജബാർ, ജലീൽ |
| 47 | 524/14 | | | | | അബ്ദുൾ ജബാർ |
| 48 | 524/17 | | | | | സൈനുദ്ദീൻ, സിവി.എ.ഷുക്കൂർ, വിവി.എ.ഷുക്കൂർ, ലിവി.എ.ഷുക്കൂർ |
| 49 | 524/21 | | | | | സൈനുദ്ദീൻ |
| 50 | 524/9 | | | | | റഷീദ എ ഷുക്കൂർ |
| 51 | 524/20 | | | | | ദൗലത്ത് ബീഗം, സഞ്ചു, അഞ്ചു, ചിഞ്ചു, ഹന അസ്ലം, സന അസ്ലം |
| 52 | 524/10 | | | | | സുശീലൻ |
| 53 | 525/13 | | | | | ബീഗം ദൗലത്ത്, സഞ്ചു, അഞ്ചു, ചിഞ്ചു, ഹന അസ്ലം, സന അസ്ലം |
| 54 | 525/14 | | | | | ഒസനാര് കുഞ്ഞ്, സാഹിറ മുതൽ പേർ |
| 55 | 525/15 | | | | | നജുമ മുതൽ പേർ |
| 56 | 525/16 | | | | | ഹാരൂൺ, സിറജുനിസ |
| 57 | 525/17 | പുരയിടം | 0.0800 | ,, | ,, | സെക്രട്ടറി ജവഹർ പബ്ളിക്ക് സ്കൂൾ |
| 58 | 525/1 | | | | | മുഹമ്മദ് ബഷീർ, റസിന ബീവി |
| 59 | 525/8 | | | | | സിങ്കപ്പൂർ-768 -ാം നമ്പർ മദ്രാസത്തുൾ ഇസ്ലാം അസ്സോസിയേഷൻ മദ്രസ, ജമാഅത്ത് സെക്രട്ടറി ഇടവ |

(ബി) നഗരപ്രദേശത്തിലെ വസ്തുക്കൾ - ഇല്ല

## സാമൂഹ്യ പ്രത്യാഘാത നിർണ്ണയ റിപ്പോർട്ടിന്റെ സംക്ഷിപ്തം

**പദ്ധതിയും പൊതുജനതാൽപര്യവും**

പൊതുമരാമത്ത് വകുപ്പ് (റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്) ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചതാണ് .ഇടവ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണ പദ്ധതി. നിരന്തരം വർദ്ധിച്ച് വരുന്ന നഗരവൽക്കരണവും, അനുദിനം വർദ്ധിച്ച് വരുന്ന വാഹനങ്ങളുടെ എണ്ണവും റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് പ്രേരകമായി മാറിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാകുന്നതിലൂടെ പൊതുജനത്തിന്റെ സുരക്ഷിതവും, സുഗമവുമായ റെയിൽ, റോഡ് സഞ്ചാരസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്. ജനങ്ങളുടെ സഞ്ചാരആവശ്യം മുന്നിൽ കണ്ടുകൊണ്ടാണ് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പമെന്റ് കോർപ്പറേഷൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനാവശ്യമായ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ അപകടങ്ങളും, വാഹനസഞ്ചാര ബാഹുല്യം, ട്രെയിൻ കടന്നുപോകൽ എന്നിവമൂലമുണ്ടാകുന്ന അമിതമായ വാഹന നിയന്ത്രണങ്ങളും ഒഴിവാക്കുവാൻ സാധിക്കും

**പദ്ധതിപ്രദേശം**

തിരുവനന്തപുരം ജില്ലയിലെ വർക്കല താലൂക്കിലെ ഇടവ വില്ലേജിൽ, ഇടവ ഗ്രാമപഞ്ചായത്തിലെ 5,15,16 വാർഡുകളിലാണ് പദ്ധതിപ്രദേശം സ്ഥിതി ചെയ്യുന്നത്.

**വിസ്തൃതി**

നിർദ്ദിഷ്ടപദ്ധതിയ്ക്കായി ആകെ .7055 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്.

**സാമൂഹ്യ പ്രത്യാഘാതങ്ങളും നിവാരണമാർഗങ്ങളും**

| *ക്രമ നമ്പർ* | *പ്രത്യാഘാത ത്തിന്റെ തരം* | *സ്ഥിതി വിവരം* | *ലഘൂകരണ മാർഗ്ഗങ്ങൾ* |
|---|---|---|---|
| 1 | ഭൂമിയുടെ നഷ്ടം | 71 ഭൂവുടമകൾക്ക് ഭൂമിയെ പ്രത്യക്ഷമായി ബാധിക്കുന്നു | 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും,ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 2 | ഭൂമിയും നിർമ്മിതിയും നഷ്ടപ്പെടുന്നത് | 66 പേരുടെ ഭൂമിയും നിർമ്മിതിയും, 6 പേരുടെ ഭൂമി മാത്രവും ഏറ്റെടുക്കേണ്ടി വരുന്നു | 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| 3 | ഉൽപാദനക്ഷമമായ ആസ്ഥികളുടെ നഷ്ടം | ഏതാനും പുരയിടങ്ങളിലുള്ള വൃക്ഷങ്ങളെ ബാധിക്കുന്നു. | 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 4 | ഉപജീവന സാധ്യതകളുടെ നഷ്ടം | 22 കുടുംബങ്ങളുടെ വ്യപാര, വ്യവസായ പ്രവർത്തനങ്ങളെയും ജീവനോപാദികളെയും പ്രത്യക്ഷമായി ബാധിക്കുന്നു. | 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |
| 5 | പൊതു ഉപയോഗ മുതലുകളുടെ നഷ്ടം | ജലവിതരണം, ജലമാലിന്യ നിർഗന മാർഗങ്ങൾ, ഇലട്രിക് പോസ്റ്റുകൾ, ട്രാസ്ഫോർമറുകൾ, ടെലഫോൺ പോസ്റ്റുകൾ, കേബിളുകൾ എന്നിവ പുനർക്രമികരിക്കേണ്ടിവരും | നിർമ്മാണ പ്രവർത്തികൾ നടക്കുന്നതോടൊപ്പം ആവശ്യമായി വരുന്ന പുനസ്ഥാപനവും നടത്തുക |
| 6 | പൊതുമുതൽ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല |
| 7 | തദ്ദേശീയ സേവനങ്ങളുടെ നഷ്ടം | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല |
| 8 | സാംസ്കാരിക കേന്ദ്രങ്ങൾ നഷ്ടപ്പെടുന്നത് | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല | യാതൊന്നിനേയും പ്രത്യക്ഷമായി ബാധിക്കുന്നില്ല |
| 9 | ദുർബല വിഭാഗങ്ങളുടെ സ്ഥാനചലനം | പട്ടികവർഗ്ഗ കുടുംബങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന ദുർബ്ബല വിഭാഗങ്ങൾ ഉൾപ്പെടുന്നില്ല. | പട്ടികവർഗ്ഗ കുടുംബങ്ങൾ, പ്രത്യേക പരിഗണന അർഹിക്കുന്ന ദുർബ്ബല വിഭാഗങ്ങൾ ഉൾപ്പെടുന്നില്ല. |
| 10 | മതസ്ഥാപനങ്ങളുടെനിർമ്മിതികളുടെ നഷ്ടം | 2 മതസ്ഥാപനങ്ങളുടെ നിർമ്മിതികൾ ഭാഗികമായി ബാധിക്കുന്നു. | 2013 -ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ചുള്ള നഷ്ടപരിഹാരം |

2013-ലെ എൽ.എ നിയമം അനുശാസിക്കുന്ന തരത്തിൽ അനുയോജ്യമായ നഷ്ടപരിഹാരം നൽകികൊണ്ടുള്ള ആഘാത ലഘൂകരണ മാർഗ്ഗങ്ങളിലൂടെ ഇടവ റെയിൽവേ മേൽപ്പാല നിർമ്മാണ പദ്ധതിക്കായുള്ള ഭൂമി പ്രയാസങ്ങളും, എതിർപ്പുകളും ഇല്ലാതെ ഏറ്റെടുക്കുവാൻ സാധിക്കുന്നതാണ്.

(ഒപ്പ്)

*ജില്ലാ കളക്ടർ*

തിരുവനന്തപുരം

## വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ ഇടവ വില്ലേജിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം .7055 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി മാത്രം.